## വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാൻ അമ്പലപ്പുഴ മണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ

**17 (5821)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കാനായി അമ്പലപ്പുഴ മണ്ഡലത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

ഉണ്ട്. അമ്പലപ്പുഴ മണ്ഡലത്തിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു :

| പ്രവൃത്തികൾ | ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ നടപ്പാക്കിയത് | ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിൽ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയത് |
|---|---|---|---|
| 11 കെ.വി ലൈൻ നിർമ്മാണം | 7.665 കി.മീ | 21 കി.മീ | 8.7 കി.മീ |
| ട്രാൻസ്ഫോർമർ | 18 എണ്ണം | 17 എണ്ണം | 21 എണ്ണം |
| ഒ.എച്ച്. ലൈൻ യു.ജി. കേബിൾ ആക്കി മാറ്റൽ | 12.5 കി.മീ | .... | .... |
| എൽ.റ്റി. ലൈൻ റീകണ്ടക്ടിംഗ് | 18.26 കി.മീ | ... | ... |
| 11 കെ.വി ലൈൻ റീകണ്ടക്ടിംഗ് | .... | 10.48 കി.മീ | .... |
| എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് കൺവേർഷൻ | 24.78 കി.മീ | .... | 16.8 കി.മീ |

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം-പള്ളം 220 കെ.വി ലൈനിൽ വീയപുരം എന്ന സ്ഥലത്തുനിന്ന് പുന്നപ്രയിലേക്ക് 220 കെ.വി ലൈൻ വലിച്ച് പുന്നപ്ര സബ് സ്റ്റേഷന്റെ ശേഷി 220 കെ.വി. ആയി ഉയർത്തിയിട്ടുണ്ട്.

കൂടാതെ, കാവാലത്ത് ഒരു 66 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുവാനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

**18 (5822)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്;

(ബി) ഇതിനായി എന്തെല്ലാം പരിപാടികൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ എല്ലാ മേഖലകളിലും ഊർജ്ജ ലാഭം നേടുവാൻ സാധിച്ചിട്ടുണ്ട് :

| ഇനം | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| വൈദ്യുതി | 5841.871 യൂണിറ്റ് | 155 മില്യൻ യൂണിറ്റ് | 177 മില്യൻ യൂണിറ്റ് | 291.25 മില്യൻ യൂണിറ്റ് |

മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനം കാഴ്ചവെച്ചതിന് ഇ.എം.സി.-യ്ക്ക് താഴെപ്പറയുന്ന അവാർഡുകൾ ലഭിച്ചിട്ടുണ്ട് :

1. ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് 2012 - 2nd ബെസ്റ്റ് പെർഫോമിങ്ങ് SDA (സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി)
2. ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് 2013 - 2nd ബെസ്റ്റ് പെർഫോമിങ്ങ് SDA

LIBRARY ARCHIVES Kerala Legislative Assembly